(ബി) ഈ തുക വെട്ടിച്ചുരുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ;

(സി) 2001 ജനുവരി 31 വരെ എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) മാർച്ച് 31 വരെ എത്ര രൂപ ചെലവഴിക്കാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് പറയാമോ ;

(ഇ) 1999-2000-ൽ പദ്ധതി അടങ്കൽ എത്രയായിരുന്നു എന്നും എങ്കിൽ അതിൽ എത്ര ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബഡ്ജറ്റ് വിഹിതം 3535 കോടി രൂപ.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) 2001 ജനുവരി 31 വരെ 1849.30 കോടി രൂപ ചെലവഴിച്ചു.

(ഡി) പദ്ധതി ലക്ഷ്യം കൈവരിക്കാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) 1999-2000 വർഷത്തെ പദ്ധതി അടങ്കൽ 3250 കോടി രൂപയായിരുന്നു. അത് 3017 കോടി രൂപയായി പുതുക്കി നിശ്ചയിക്കുകയുണ്ടായി. താൽക്കാലിക കണക്കനുസരിച്ച് 2956 കോടി രൂപ ചെലവായി.

ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ നീക്കിവച്ച തുക

44 (45) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ നീക്കിവച്ച തുകയിൽ ക്യാപിറ്റൽ അക്കൗണ്ടിൽ ഉൾപ്പെടുത്തി ചെലവു ചെയ്യാവുന്ന സ്വഭാവത്തിലുള്ള ചെലവുകൾക്കുവേണ്ടി ഓരോ വർഷവും എന്തു തുക വീതം ഉൾക്കൊള്ളിച്ചിരുന്നു എന്ന് പറയാമോ ;

(ബി) ഇത് അതാത് വർഷത്തെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്കു വേണ്ടി നീക്കിവച്ച ആകെ തുകയുടെ എത്ര ശതമാനം വീതമായിരുന്നു ;

(സി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ നീക്കിവച്ച തുകയിൽ ക്യാപിറ്റൽ അക്കൗണ്ടിൽ ഉൾപ്പെടുത്തി ചെലവു ചെയ്യാവുന്ന സ്വാഭാവത്തിലുള്ള ചെലവുകൾക്കുവേണ്ടി ഓരോ വർഷത്തേക്കും നീക്കിവച്ച തുകയുടെ എത്ര ശതമാനം വീതം അതാത് വർഷം വർക്കുകൾ നടത്തിയതിന്റെ പേരിൽ ചെലവായിട്ടുണ്ടെന്ന് പറയുമോ ;

(ഡി) ഈയിനത്തിൽ നീക്കിവച്ച തുക മുഴുവൻ അതത് വർഷം തന്നെ വർക്കുകൾ നടത്തുകയും ചെലവഴിക്കുകയും ചെയ്യാത്ത പക്ഷം അതിനുള്ള കാരണമെന്തെന്നു പറയുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജനകീയാസൂത്രണത്തിന്റെ ആരംഭം മുതൽ ഓരോ വർഷവും വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതത്തിന്റെ കണക്ക് ചുവടെ നൽകുന്നു.

വർഷം	രൂപ (കോടി)
1997-98	749
1998-99	950
1999-2000	1020
2000-2001	1045

ജനകീയാസൂത്രണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം നൽകുന്നത് റവന്യൂ ഹെഡ്ഡിൽ മാത്രമാണ്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും ലഭിക്കുന്ന പദ്ധതി വിഹിതം ഉൽപ്പാദനം, പശ്ചാത്തലം, സേവനം എന്നീ വികസന മേഖലകൾക്ക് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗ രേഖയാണ് നൽകുന്നത്. എങ്കിലും ഉൽപ്പാദന മേഖലയിലെ കാർഷിക വികസന പ്രവർത്തനങ്ങൾ, ചെറുകിട ജലസേചനം, വെള്ളപ്പൊക്കനിയന്ത്രണം, സേവന മേഖലയിലെ കുടിവെള്ളം, കക്കൂസ് നിർമ്മാണം, പാർപ്പിടം, അംഗനവാടി കെട്ടിടങ്ങൾ, പശ്ചാത്തല മേഖലയിലെ പാലം, കലുങ്ക്, റോഡ്, കെട്ടിടങ്ങൾ മുതലായ നിർമ്മാണ പ്രവർത്തനങ്ങൾ, ക്യാപിറ്റൽ അക്കൗണ്ടിൽ ഉൾപ്പെടുത്തി ചെലവ് ചെയ്യാവുന്ന ഇനങ്ങളാണ്. അതുപ്രകാരം 1997-98-ൽ ഏകദേശം 450 കോടി രൂപയും 1998-99-ൽ 520 കോടി രൂപയോളവും ക്യാപിറ്റൽ അക്കൗണ്ടിൽ ചെലവ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തി യിട്ടുണ്ടായിരുന്നു.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 1997-98-ലെ പദ്ധതി വിഹിതത്തിന്റെ 60 ശതമാനത്തോളവും 1998-99-ലെ വിഹിതത്തിൽ 55 ശതമാനത്തോളവും എന്ന് കണക്കാക്കുന്നു.

(സി) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഓരോ നിർമ്മാണ പ്രവർത്തനങ്ങളും വിലയിരുത്തി കണക്ക് തയ്യാറാക്കുക ശ്രമകരമായ പ്രവൃത്തിയാണ്. എങ്കിലും ഓരോ വർഷവും ക്യാപിറ്റൽ അക്കൗണ്ടിൽ ചെലവ് ചെയ്യാവുന്ന ഇനങ്ങൾക്ക് വകയിരുത്തിയ പദ്ധതി വിഹിതം പൂർണ്ണമായും അതത് വർഷം തന്നെ ചെലവഴിച്ചിട്ടുണ്ടെന്ന് കണക്കാക്കുന്നു.

(ഡി) പ്രസക്തമല്ല.

2000-2001 വർഷത്തിൽ സംസ്ഥാനം തയ്യാറാക്കിയ പ്ലാൻ

45 (46) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-2001 വർഷത്തിൽ സംസ്ഥാനം തയ്യാറാക്കിയ പ്ലാൻ എത്ര കോടിയുടേതായിരുന്നു ;

(ബി) കേന്ദ്ര പ്ലാനിംഗ് കമ്മീഷനുമായുള്ള ചർച്ചയെത്തുടർന്ന് എത്ര കോടി രൂപയുടെ പദ്ധതിയാണ് അംഗീകരിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly